Part I.— ഒന്നാം ഭാഗം.

Appointments.

Judicial Department.

Mr. F. E. Hart, Manager, English Office, High Court, to be Shirastadar, High Court, *sub-protem vice* M. R. Ry. C. V. Raman Pillai appointed Superintendent of the Government Press.

M. R. Ry. M. C. Sankara Pillai, Head Translator, Indexer and Publisher, High Court, to be Manager, English Office, High Court, *sub-protem*, *vice* Mr. F. E. Hart, promoted.

Revenue and Magistracy.

M. R. Ry. Palpu Pillai B. A., Tahsildar and 2nd class Magistrate, Kalkulam Taluk, to be also in charge of the revenue and magisterial duties of the Taluk of Vilavankod, without prejudice to his own duties during the absence of M. R. Ry. Aiyam Pillai on leave, or until further orders.

M. R. Ry. Kesava Aiyar B. A. & B. L., Tahsildar and 2nd class Magistrate, Agastisvaram Taluk, to be also in charge of the revenue and magisterial duties of the Taluk of Tovala without prejudice to his own during the absence of M. R. Ry. Ananthararaman Pillai on leave or until further orders.

Magistracy.

The 2nd class Magistrate, Changanachery, to be also in charge of the Magisterial duties of Kanjirapally without prejudice to his own, during the absence of M. G. Mathan B. A., summoned to give evidence before the Sessions Court, Alleppey.

Under section 11 of Regulation V of 1067, K. Raman Tampi B. A., 3rd class Magistrate Paravur to act as 2nd class Magistrate, Trivandrum Town, during the absence of V. Thanu Aiyar B. A. on leave, or until further orders.

Public Works Department.

M. R. Ry. V. K. Narayana Oonnithan, A. C. E., Assistant Engineer, Kothayaur Project Division, to be in charge of the Kottayam Division temporarily or until further orders.

നിയമം

ഗവമ്മെണ്ട അച്ചുക്കൂടം സൂപ്രണ്ടായി നിയമിക്കപ്പെട്ട മ. രാ. രാ. സി. വി. രാമൻപിള്ള ബി. എ ക്കു പകരം ഹൈക്കോട്ട് ഇംഗ്ലീഷ് ആഫീസ് മാനെജർ മിസ്റ്റർ എഫ്. ഈ. ഹാട്ടിനെ ഹൈക്കോട്ടിൽ സബ്ബ്പ്രൊട്ടം ശിരസ്തദാരായും.

പ്രമോഷൻ ചെയ്യപ്പെട്ട മിസ്റ്റർ എഫ്. ഇ. ഹാട്ടിനു പകരം ഹൈക്കോട്ട് ഹെഡ് ട്രാൻസിലെറ്ററും ഇൻഡക്സരും പബ്ലിഷരുമായ മ. രാ. രാ. എം. സി. ശങ്കരപ്പിള്ളയെ ഹൈക്കോട്ടിലെ ഇംഗ്ലീഷ് ആഫീസിൽ സബ്ബ്പ്രൊട്ടം മാനെജരായും നിയമിച്ചിരിക്കുന്നു.

മ. രാ. രാ. അയ്യംപിള്ള അവധിയിലിരിക്കുന്ന കാലത്തോ ഇനിയൊരുത്തരവുണ്ടാകുന്നതുവരെയൊ സ്വന്ത ജോലിക്കു വിരോധം കൂടാതെ വിളവങ്കോട്ടു താലൂക്കിലെ റവന്യൂവും മജിസ്ട്രേട്ടും ജോലികൾ കൂടി നോക്കുന്നതിനു കൽക്കുളം താലൂക്കു തഹശീൽദാരും രണ്ടാം ക്ലാസു മജിസ്ട്രേട്ടുമായ മ. രാ. രാ. പപ്പുപിള്ള ബി. എ യെ നിയമിച്ചിരിക്കുന്നു.

മ. രാ. രാ. അനന്തരാമൻപിള്ള അവധിയിലിരിക്കുന്ന കാലത്തോ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെയൊ സ്വന്ത ജോലിക്കു വിരോധം കൂടാതെ തൊവാള താലൂക്കിലെ റവന്യൂവും മജിസ്ട്രേറ്റും ജോലി കൂടി നോക്കുന്നതിനു അഗസ്തീശ്വരം താലൂക്കു തഹശീൽദാരും രണ്ടാം ക്ലാസ മജിസ്ട്രേട്ടുമായ മ. രാ. രാ കേശവയ്യർ ബി. എ. ബി. എൽ. നെ നിയമിച്ചിരിക്കുന്നു.

എം. ജി മാത്തൻ ബി. എ. ആലപ്പുഴ സെഷൻസ് കോട്ടിൽ മൊഴി കൊടുക്കാൻ പോയിരിക്കുന്ന കാലത്തു സ്വന്ത ജോലിക്കു വിരോധം കൂടാതെ കാഞ്ഞിരപ്പള്ളി മജിസ്ട്രേട്ടു കാര്യം കൂടി വിചാരിക്കുന്നതിനു ചങ്ങനാശേരി ൨-ാം ക്ലാസു മജിസ്ട്രേട്ടിനെ നിയമിച്ചിരിക്കുന്നു

വി താണുഅയ്യർ ബി. എ. അവധിയിലിരിക്കുന്ന കാലത്തൊ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെയൊ തിരുവനന്തപുരം ടൌൺ രണ്ടാം ക്ലാസ്സു മജിസ്ട്രേറ്റു കാര്യം വിചാരിക്കുന്നതിനു പറവൂർ മൂന്നാം ക്ലാസ്സു മജിസ്ട്രേട്ടു കെ രാമൻതമ്പി ബി. എ. യെ ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലെഷൻ ൧൧-ാം വകുപ്പനുസരിച്ചു നിയമിച്ചിരിക്കുന്നു

കോതയാർ പ്രാജെക്ടു ഡിവിഷനിൽ അസിസ്റ്റന്റു ഇഞ്ചിനീയർ മ. രാ. രാ. വി കെ നാരായണൻ ഉണ്ണിത്താൻ എ സി. ഇ യെ തല്ക്കാലത്തേക്കൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയൊ കോട്ടയം ഡിവിഷൻ ഉൾപ്പെട്ട ജോലി നോക്കുന്നതിനു നിയമിച്ചിരിക്കുന്നു.

POLICE DEPARTMENT.

Mr. H. Hoogewerf, Special First Class Inspector of Police appointed to act as Assistant Superintendent of Police, Kottayam Division, assumed charge of his duties on the 1st May, 1904.

Resumption of Charge.

REVENUE AND MAGISTRACY.

M. R. Ry. Ananthararaman Pillai Tahsildar and 2nd class Magistrate, Tovala Taluk, returned from leave and resumed charge of his duties on the 23rd Medom, 1079.

M. R. Ry. Govinda Pillai B. A., Tahsildar and 2nd class Magistrate, Chirayinkil Taluk, returned from leave and resumed charge of his duties on the 21st Medom, 1079.

Investiture of Powers.

Under section 11 of Regulation V of 1067, M. R. Ry. Palpu Pillai B. A., Tahsildar and 2nd class Magistrate, Kalkulam Taluk, to act as 1st class Magistrate, Padmanabhapuram Division, without prejudice to his own duties during the absence of M. R. Ry. Renganatha Aiyar on leave or until further orders.

Under section 11 of Regulation V of 1067, K. Neelacunda Pillai B. A., Clerk, Huzur Jamabandy Account Office, to act as 3rd class Magistrate, Paravur, during the absence of K. Raman Tampi B. A., on other duty or until further orders.

Notification.

LEGISLATIVE DEPARTMENT.

The Legislative Council will meet in the Dewan's room, Public Offices, on Saturday the 29th Vicasy, 1079 / 11th June, 1904 at 1 P. M.

By order,
R. MAHADEVA IYER,
Secretary to the Legislative Council.

Huzur Cutcherry,
On circuit,
Camp Kuzhithura,
20th May, 1904.

കോട്ടയം ഡിവിഷൻ പൊലീസ് അസിസ്റ്റൻറ് സൂപ്രിന്റെണ്ടന്റു കാൎയ്യം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ട സ്പെഷ്യൽ ൧ാം ക്ലാസു പൊലീസു ഇൻസ്പെക്ടർ മിസ്റ്റർ എച്ച്. ഹൂഗുവർഫ് ൧൦൭൯ മെ ൧൮-ം ചാൎജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തിരിച്ചു ചാൎജ്ജേററ വിവരം

തോവാള താലൂക്ക തഹശീൽദാരും രണ്ടാം ക്ലാസു മജിസ്ത്രേട്ടുമായ മ രാ രാ അനന്തരാമൻപിള്ള അവധി കഴിഞ്ഞു ൧൦൭൯ മേടം ൨൩-ം തിരിയെ ചാൎജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ചിറയിൻകീഴ താലൂക്ക തഹശീൽദാരും രണ്ടാം ക്ലാസു മജിസ്ത്രേട്ടുമായ മ. രാ. രാ ഗോവിന്ദപിള്ള ബി. എ. അവധി കഴിഞ്ഞു ൧൦൭൯ മേടം ൨൧-ം തിരിയെ ചാൎജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

അധികാരം കൊടുത്ത വിവരം

മ. രാ. രാ രംഗനാഥയ്യർ അവധിയിലിരിക്കുന്ന കാലത്തോ ഇനിയൊരുത്തരവുണ്ടാകുന്നതുവരെയോ സ്വന്തം ജോലിക്കു വിരോധം കൂടാതെ പത്മനാഭപുരം ൧-ാം ക്ലാസു മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു കൽക്കുളം താലൂക്ക തഹശീൽദാരും ൨-ാം ക്ലാസു മജിസ്ത്രേട്ടുമായ മ. രാ. രാ പപ്പുപിള്ള ബി എ. യെ ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലെഷൻ ൧൧-ാം വകുപ്പനുസരിച്ചു നിയമിച്ചിരിക്കുന്നു.

കെ. രാമൻതമ്പി ബി. എ. വേറെ ജോലിയിൽ ഇരിക്കുന്ന കാലത്തോ ഇനിയൊരുത്തരവു ഉണ്ടാകുന്നതുവരെയോ പറവൂർ മൂന്നാം ക്ലാസു മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു ഹജൂർ ജമാബന്തി ക്ലാൎക്ക കെ. നീലകണ്ഠപിള്ള ബി. എ. യെ ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലെഷൻ ൧൧-ാം വകുപ്പനുസരിച്ചു നിയമിച്ചിരിക്കുന്നു.

പരസ്യം.

നിയമനിൎമ്മാണസഭയുടെ യോഗം ൧൦൭൯ വൈകാശി ൨൯-ം ക്കു ൧൯൦൪ ജൂൺ ൧൧-ം ശനിയാഴ്ച പകൽ ഒരു മണിക്കു പുത്തൻകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ വച്ചു കൂടുന്നതാകുന്നു എന്നു

ഉത്തരവിൻപ്രകാരം
കൌൺസിൽ സിക്രട്ടറി
ആർ. മഹാദേവയ്യർ

ഹജൂർകച്ചേരി,
സൎക്കീട്ടു കുഴിത്തുറ
൧൦൭൯ മെ ൨൮-ം

Circular.

Adverting to the Circulars dated 12th June, 1902, and 27th July, 1903, regarding the employment of Military pensioners in the Civil Departments of the State, Heads of Departments are informed that the age-limit prescribed for entrance into the public service (vide pages 166–167 of the English Almanac for 1904) does not apply to these pensioners. They are, moreover, to be employed only as peons, warders, watchers &c.

Huzur Cutcherry on circuit,
Camp Kuzhittura,
20th May, 1904.

V. P. MADHAVA RAO,
Dewan.

Revised Programme of the Dewan's Tour to South Travancore, May and June 1904.

Stations.	Dates.
Neyyattinkara	16th and 17th May 1904. / 3rd and 4th Vycausy 1079.
Kuzhithura	18th, 19th and 20th May. / 5th, 6th and 7th Vycausy.
Padmanabhapuram	21st and 22nd May. / 8th and 9th Vycausy.
Pechipara	23rd and 24th May. / 10th and 11th Vycausy.
Bhutapandy	25th May. / 12th Vycausy.
Nagercoil	26th, 27th and 28th May. / 13th, 14th and 15th Vycausy
Cape Comorin	29th May to 2nd June. / 16th to 20th Vycausy.
Nagercoil	3rd June. / 21st Vycausy.
Padmanabhapuram	4th June. / 22nd Vycausy.
Kuzhithura	5th June. / 23rd Vycausy.
Neyyattinkara	6th June. / 24th Vycausy.
Trivandrum	7th June. / 25th Vycausy.

ദിവാൻജി അവർകൾ ദക്ഷിണ തിരുവിതാംകൂറിലെക്ക സർക്കീട്ട പുറപ്പെട്ടിരിക്കുന്ന തിനെപ്പററി ഭേദപ്പെടുത്തിയ പ്രൊഗ്രാം.

സ്ഥലം	ആണ്ട	മാസം	തിയതി
നെയ്യാററിങ്കര	൧൦൭൯	ഇടവം	൩-യും ൪-യും
കുഴിത്തുറ	ടി	ടി	൫-യും ൬-യും ൭-യും
പത്മനാഭപുരം	ടി	ടി	൮-യും ൯-യും
പെചിപ്പാറ	ടി	ടി	൧൦-യും ൧൧-യും
ഭൂതപ്പാണ്ടി	ടി	ടി	൧൨-
നാഗർകൊവിൽ	ടി	ടി	൧൩-യും ൧൪-യും ൧൫-യും
കന്യാകുമാരി	ടി	ടി	൧൬- മുതൽ ൨൦- വരെ
നാഗർകൊവിൽ	ടി	ടി	൨൧-
പത്മനാഭപുരം	ടി	ടി	൨൨-
കുഴിത്തുറ	ടി	ടി	൨൩-
നെയ്യാററിങ്കര	ടി	ടി	൨൪-
തിരുവനന്തപുരം	ടി	ടി	൨൫-

Circular.

Ref. on C. No. $\frac{307}{\text{Revenue}}$ of 1904.

With a view to remove some misapprehension which appears to exist regarding the interpretation of Section 14 of the Puduval Rules dated 27th Audy 1062, it is hereby ruled

(1) that when the same land is applied for by more persons than one, the land should, as a rule, be registered in the name of the first applicant on payment of acreage value under the Rules,

(2) that when two or more individuals apply for the same land on the same day, the land should be sold in auction.

Huzur Cutcherry,
Camp Kuzhittura,
20th May, 1904.

V. P. MADHAVA RAO,
Dewan.

സർക്യൂലർ

൧൦൬൨ -ാമാണ്ട ആടിമാസം ൨൭-ാം൹യിലെ പുതുവൽ ചട്ടം ൧൪-ാം വകുപ്പിന്റെ വ്യാഖ്യാനത്തിൽ ചില തെററായ ബൊധങ്ങൾ ഉള്ളതായി കാണുന്നതുകൊണ്ട അവയെ മാററുന്നതിലെക്കായി ഇതിനാൽ അജ്ഞാപിക്കുന്നതെന്തെന്നാൽ:—

൧. ഒരെ ഭൂമിക്ക ഒന്നിലധികം ആളുകൾ അപെക്ഷിച്ചിരുന്നാൽ എല്ലാററിലും മുൻപായി അപെക്ഷിച്ചവന്റെ പെരിൽ ചട്ടാനുസരിച്ച ഏക്കർ വീതത്തിനുള്ള വില ഒടുക്കിച്ച കൊണ്ട ആ ഭൂമിയെ പതിച്ചുകൊടുക്കെണ്ടതാകുന്നു.

൨. ഒരെ ഭൂമിക്ക ഒരെ ദിവസംതന്നെ രണ്ടൊ അധികമൊ ആളുകൾ അപെക്ഷിക്കുന്നതായാൽ അതിനെ ലെലത്തിൽ വില്ക്കെണ്ടതാകുന്നു.

ഹജൂർ കച്ചെരി
സർക്യൂട്ട കുഴിത്തുറ
൧൦൭൯ മെ ൨൦ ൹

ദിവാൻ വി. പി. മാധവരായർ,
സി. ഐ. ഇ.

Town Improvement Committee, Kottayam.

Rules under sections 33, 40, 53, and 60 of Regulation III of 1076 passed by His Highness the Maha Rajah under date the 7th instant.

GENERAL RULES.

I. Applications for licenses shall be made in writing to the President.

II. The applications will then be disposed of by the Committee or the President as provided for in the Regulation, and licenses issued by the President.

III. Licenses will be granted in the manner and subject to the conditions hereinafter laid down.

IV. A license shall hold good until the end of the official year in which it is granted unless it is cancelled by the Committee for sufficient reasons or unless it is otherwise provided in the license.

V. The licensee shall hold himself responsible for any act of omission or commission in violation of the conditions of the license on the part of his agents or servants.

VI. These rules shall come into force from the 1st day of Vycausi, 1079.

Section 33.

Temporary occupation of Street.

License Form A—(appended below.)

I. The fees chargeable for licenses under this section are as follows:—

(*a*) For the purpose of depositing any building material, 4 chs. per 100 sq. ft. per day.

(*b*) For making any temporary excavation therein or erection thereon, 4 chs. per 100 sq. ft. per day.

(*c*) To put up pandals for ceremonies, &c., on town lands, 1 cash per sq. ft. per day for ten days, and double the rate for days exceeding 10.

Proviso.—No permission shall be granted to use such land for more than 15 days.

(*d*) To put up pandals for ceremonies, &c., over the street when the projection does not exceed more than 3 ft. into the street from the drain, 2 cash per sq. ft. per day, and, when the same exceeds 3 ft. and does not exceed 6 ft., 3 cash per sq. ft. per day.

Proviso.—No permission shall be granted to use the street for this purpose for more than 15 days.

(*e*) To put up scaffolding boards, &c., when they exceed 1 ft. and do not exceed 6 ft. of frontage, 1 cash per every sq. ft. for 10 days; 2 cash per sq. ft. when the period exceeds 10 days but does not exceed 20 days; and 3 cash per sq. ft. when the period exceeds 20 but does not exceed 30 days, and so on.

Provided no permission shall be granted to put up scaffolding, &c., which will exceed 6 ft. in breadth from the drain.

Provided also the licensee shall enclose the part occupied and shall during night, put up warning lights at the site.

EXCEPTIONS.

(1) No fee shall be levied for erection of pandals, thoranams, &c., in public streets on occasions of festivals and processions connected with temples or other places of public worship in the town as well as on any public occasion.

(2) No fee shall be levied for using the public maidan as occasional play-ground for boys of colleges and schools in the town, but in all the above cases written permission of the President shall be obtained beforehand.

Section 40.

Projections.

License Form B—(appended below.)

The following fees shall be levied on licenses issued under this section:—

(a) To put up verandahs, balconies, sun-shades, &c., not touching the ground, a fee of 6 cash per annum per sq. ft.

(b) To put up the structures mentioned in clause (a) when supported on the ground, a fee of 18 cash per annum per sq. ft.

Section 53.

Offensive and Dangerous Trades.

License Form C—(appended below.)

I. The following conditions shall be observed by the licensee.

(a) The roof of any building used for the purpose shall be made of non-inflammable materials.

(b) The licensee shall make sufficient provisions for protecting combustible articles from fire.

II. The following fees shall be levied on licenses issued under this section:—

(a) Melting tallow—Re. 1 per annum.

(b) Boiling bones, offal, or blood—Rs. 2 per annum.

(c) Soap house, oil-boiling house, or dyeing house—Re. 1 per annum.

(d) Tannery—Rs. 2 per annum.

(e) (1) Brick-kiln—Re. 1 per kiln per annum.

(2) Tile-kiln—Re. 1 Do.

(3) Lime-kiln—Re. 1 Do.

(f) Any manufactory or place of business from which offensive or unwholesome smell arises—Rs. 3 per annum.

(g) Yard or depot for trade in hay, straw, thatching grass, fire-wood, or coal, or other dangerously inflammable material—Rs. 3 per annum.

(h) Gun-powder or blasting powder:—

Retail, i. e. 25 lbs. and under—Rs. 2 per annum.

Wholesale, i. e. exceeding 25 lbs.—Rs. 4 per annum.

(2) Dynamite—Rs. 24 per annum.

(3) Petroleum, or any inflammable oil or spirit:—

Retail, in bottles or tins up to 50 gallons and under—Re. 1 per annum.

Wholesale, in bottles or tins above 50 but not exceeding 100 gallons—Re. 2 per annum and for every additional 50 gallons or part thereof—Rs. 1 per annum.

Section 55.

Storing and Selling Meat.

License Form D—(as appended below.)

I. The following conditions shall be observed by the holder of a license for selling or storing meat.

(1) The place shall be denoted by a sign board containing the number of the license and the name of the license-holder with the inscription of the words "Meat Shop"

(2) The place and the premises all round it shall be kept clean and free from decomposing refuse of any sort.

(3) The meat intended for sale shall always be in a wholesome condition and no rotten or unwholesome meat shall at any time be offered for sale.

(4) The license-holder shall without demur abide by the decision of such officer as may be appointed by the Committee from time to time as to whether any meat offered for sale is unwholesome or not, and shall remove and destroy immediately any meat declared unwholesome by such officer.

(5) No person affected with any infectious or loathsome disease shall be allowed to enter the shop.

(6) The head of the animal slaughtered shall not be disposed of until the whole meat is sold.

(7) The shop and the license shall always be open to inspection by the President, any member of the Committee, and its officers, and an officer of the Police Department not below the rank of an Inspector.

(8) The license-holder shall be liable to penalties laid down by the Regulation for the breach of any of the above conditions.

(9) The license-holder shall abide by any rules or orders that may be passed by the Committee from time to time consistent with the provisions of the Regulation.

II. The following conditions shall be observed by the holder of a license for slaughtering animals.

(1) The license-holder shall enclose and keep protected from public view the building or place used by him and approved by the Committee for the slaughter of animals.

(2) Before an animal is slaughtered it shall be taken to such officer as may be appointed for the purpose by the Committee who shall stamp it on its fore-head if found fit for slaughter and the stamped head shall be preserved until the whole meat is disposed of.

(3) The slaughter house or place shall be kept clean, the slaughtering and skinning places shall be separate and all refuse matter therefrom shall be removed and disposed of immediately.

(4) The slaughtering places and the licenses granted shall be liable to inspection by the President, or members of the Committee or any of its servants, or by a Police Officer not below the rank of an Inspector.

(5) No person affected with any infectious or loathsome disease shall be allowed to enter the slaughter house or place.

(6) The license-holder shall obey all lawful orders given to him by the Committee from time to time under the Regulation.

(7) The license-holder shall be liable to the penalties laid down by the Regulation for the breach of any of the above conditions.

Section 60.

Opening a Private Market.

License Form E—(as appended below)

The license fee for opening a private market shall be Rs. 12 per annum.

Huzur Cutcherry,
Trivandrum,
5th May, 1904.

For the Dewan,
A. J. VIEYRA,
Chief Secretary to Government.

A. Form of License granted under Section 33 of Regulation III of 1076.

Number.	Name of the Applicant.	Name and Situation of the Place.	Purpose for which License is granted.	Dimensions.		Period for which License is granted.	Date of License.	Signature of the License-holder.	Signature of the President.	Remarks.
				Length.	Breadth.					
1	2	3	4	5	6	7	8	9	10	11

B. Form of License granted under Section 40 of Regulation III of 1076.

Number.	Name of the Applicant.	Name and Situation of the Place.	Purpose for which License is granted.	Dimensions.		Period for which License is granted.	Date of License.	Signature of the License-holder.	Signature of the President.	Remarks.
				Length.	Breadth.					
1	2	3	4	5	6	7	8	9	10	11

C. Form of License granted under Section 53 of Regulation III of 1076.

Number.	Name of the Applicant.	Name and Situation of the Place of Business.	Purpose for which the License is granted.	Date of License.	Signature of the License-holder.	Signature of the President.	Remarks.
1	2	3	4	5	6	7	8

D. Form of License granted under Section 55 of Regulation III of 1076.

Number.	Name of the Applicant.	Name and Situation of the Place of Business.	Purpose for which the License is granted.	Date of License.	Signature of the License-holder.	Signature of the President.	Remarks.
1	2	3	4	5	6	7	8

E. Form of License granted under Section 60 of Regulation III of 1076.

Number.	Name of the Applicant.	Name and Situation of the Place.	Purpose for which License is granted.	Dimensions.		Period for which License is granted.	Date of License.	Signature of the License-holder.	Signature of the President.	Remarks.
				Length.	Breadth.					
1	2	3	4	5	6	7	8	9	10	11

Statement of Coinage in the Sircar Mint up to 1st Edavom, 1079.

Denomination.	Up to the end of 31st Medom, 1079. No.	Value in S. Rs.	Chs.	C.	During the week ending 1st Edavom, 1079. No.	Value in S. Rs.	Chs.	C.	TOTAL. No.	Value in S. Rs.	Chs.	C.
Four chuckram silver coin	11,77,905	1,63,272	4	...	29,500	9,214	8	...	12,07,405	1,72,486	12	...
Two do. do.	29,50,167	2,10,726	6	...	4,000	285	20	...	29,54,167	2,11,011	26	...
One do. copper coin	60,01,870	2,46,495	10	...	...	...	...	...	60,01,870	2,46,495	10	...
Eight cash do	[illegible]	1,79,639	11	...	51,000	961	8	...	1,01,13,806	1,80,603	19	...
Four cash do	60,30,059	53,839	22	12	...	...	...	...	60,30,059	53,839	22	12
One cash do	43,75,718	9,767	6	6	1,01,500	226	15	12	44,77,218	9,993	22	2
Total	[illegible]	8,68,740	4	2	1,89,000	5,690	23	12	3,16,84,525	8,74,430	27	14

സൎക്കാർ കമ്മട്ടത്തിൽ ൧൦൭൯-ാമാണ്ടു ഇടവമാസം ൧-നു വരെ അടിച്ച നാണയത്തിന്റെ വിവരം എഴുതിയ സ്റ്റേറ്റുമെന്റു

നാണയം	൧൦൭൯-ാമാണ്ടു മേടമാസം ൩൧-നു വരെ എണ്ണം	വില സ. രൂപാ	ച	കാ	മേടമാസം ൨൫-നു മുതൽ ഇടവമാസം ൧-നു വരെ ഒരു വാരത്തിൽ എണ്ണം	വില സ. രൂപാ	ച	കാ	ആകെ എണ്ണം	വില സ. രൂപാ	ച	കാ
നാലു ചക്രം വെള്ളി നാണയം	[illegible]	[illegible]	[illegible]	...	[illegible]	[illegible]	[illegible]	...	[illegible]	[illegible]	[illegible]	...
രണ്ടു ചക്രം ടി ടി	[illegible]	[illegible]	[illegible]	...	[illegible]	[illegible]	[illegible]	...	[illegible]	[illegible]	[illegible]	...
ഒരു ചക്രം ചെമ്പു ടി	[illegible]	[illegible]	[illegible]	...	...	...	...	...	[illegible]	[illegible]	[illegible]	...
എട്ടു കാശു ടി ടി	[illegible]	[illegible]	[illegible]	...	[illegible]	[illegible]	[illegible]	...	[illegible]	[illegible]	[illegible]	...
നാലു കാശു ടി ടി	[illegible]	[illegible]	[illegible]	[illegible]	...	...	...	...	[illegible]	[illegible]	[illegible]	[illegible]
ഒരു കാശു ടി ടി	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
ആകെ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

Customs Notification.

PERAVAGAY DEPARTMENT No. 823.

It is hereby notified that His Highness the Maha Rajah has been pleased to impose, with effect from the 1st April, 1904, a special duty, at the rates specified in the fourth column of the schedule hereto annexed, upon sugar of the kinds described in the second column, when imported into Travancore from the countries mentioned in the first column, whether the same is imported directly from the country of production or otherwise, and whether it is imported in the same condition as when exported from the country of production or has been changed in condition by manufacture or otherwise.

Schedule.

Countries.	Kinds of Sugar.	Amount of excess per cwt.			Rate of special duty per cwt.		
1	2	3			4		
		Rs.	A.	P.	Rs.	A.	P.
Denmark ...	Candy and sugar in whole or broken loaves, plates, cakes, etc., whatever the colour may be, and white pulverised sugar which is lighter than the Amsterdam standard sample No. 18 ...	1	1	8	0	8	10
Argentine Republic ...	Refined sugar	10	14	10	5	7	5
	Unrefined sugar	8	1	4	4	0	8
Russia ...	Refined sugar	19	4	4	9	10	2
	Unrefined sugar	11	15	8	5	15	10

Huzur Cutcherry,
Camp, Ponmudi,
6th May, 1904.

V. P. MADHAVA RAO,
Dewan.

ചവുക്ക വക പരസ്യം.

ഷിറാവക ഡിപ്പാൎട്ടുമെന്റു നമ്പർ ൮൨൩.

ഇതിനോടുകൂടി ചേൎത്തിരിക്കുന്ന പട്ടികയിൽ രണ്ടാം കള്ളിയിൽ വിവരിച്ചിട്ടുള്ള തരങ്ങളിലുള്ള പഞ്ചസാര ഒന്നാം കള്ളിയിൽ പറയുന്ന രാജ്യങ്ങളിൽ നിന്നു തിരുവിതാംകോട്ടിൽ ഇറക്കുമതി ചെയ്യപ്പെട്ടപ്പോൾ, പഞ്ചസാരയുണ്ടാക്കപ്പെട്ട രാജ്യത്തിൽ നിന്നു ഇറക്കുമതി ചെയ്യപ്പെട്ടതാണെങ്കിലും അല്ലെങ്കിലും, അതുണ്ടാക്കപ്പെട്ട രാജ്യത്തിൽ നിന്നു കയറ്റുമതി ചെയ്യപ്പെട്ടപ്പോൾ ഏതു സ്ഥിതിയിലിരുന്നുവോ, ആ സ്ഥിതിയിൽ തന്നെ ഇറക്കുമതി ചെയ്താലും, അല്ലെങ്കിൽ കൈത്തൊഴിലിനാലോ മറ്റൊ അതിന്റെ സ്ഥിതി വ്യത്യാസപ്പെട്ടിരുന്നാലും, അതിന്മേൽ

൧൦൭൯ ഏപ്രിൽ ൧-ം മുതൽ നാലാം കള്ളിയിൽ വിവരിച്ച നിരക്കിൻപ്രകാരമുള്ള പ്രത്യേക തീരുവ കൂടി ചുമത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു.

ഹജൂർ കച്ചേരി.
സക്യൂട്ട പൊന്മുടി
൧൦൭൯ മെയ് ൧൯ }

ദിവാൻ വി. പി. മാധവരായർ,
സി. ഐ. ഇ.

പട്ടിക.

രാജ്യങ്ങൾ	പഞ്ചസാരയുടെ തരം	ഹന്ദ്രഡ്വെറ് ഒന്നിനു കൂടുതൽ ഇത്രയെന്നു			ഹന്ദ്രഡ്വെറ് ഒന്നിനു പ്രത്യേക താരിപ്പിൻ നിരക്കു		
൧	൨	൩			൪		
		രു.	അ.	പൈ.	രു.	അ.	പൈ.
ഡെൻമാർക്ക് ...	പഞ്ചസാരയോ കൽക്കണ്ടോ; മുഴുവനായോ; ഉടഞ്ഞതായോ; കട്ടികളായും മറ്റും ഉള്ളവ; അതിന്റെ നിറം എന്തുതന്നെയായിരുന്നാലും—വെളുത്ത പൊടിച്ച പഞ്ചസാര ഡച്ചുസ്റ്റാൻഡാർഡ് സാമ്പിൾ ൧൬-ാം നമ്പരിനെക്കാൾ ഏറ്റം കുറഞ്ഞതു ...	൧	൧	൭	൦	൭	൧൦
ആസ്ത്രിയാഹങ്കേറി ...	മെഴുകുതിയ പഞ്ചസാര ...	൧൦	൧൪	൧൦	൯	൭	൯
	മെഴുകാത്ത പഞ്ചസാര ...	൭	൧	൪	൪	൦	൭
റഷ്യ ...	മെഴുകുതിയ പഞ്ചസാര ...	൧൫	൪	൪	൯	൧൦	൨
	മെഴുകാത്ത പഞ്ചസാര ...	൧൧	൧൯	൭	൯	൧൯	൧൩

Customs Notification.

PERAVAGAY DEPARTMENT No. 825.

In continuation of Customs Notification No. P. D. 224, dated the 17th February, 1903, it is hereby notified, under sanction of His Highness the Maha Rajah, that the classes of cotton fabrics known as Dhotis, Saris and Scarves shall, for purposes of customs duty, be treated as "piece goods" and assessed accordingly and not as "apparel".

Huzur Cutcherry,
Camp, Nedumangad,
9th May, 1904.

V. P. MADHAVA RAO,
Dewan.

ചുങ്കം വക പരസ്യം

൧൦൭൮-ാം വർഷം ഫിബ്രുവരിമാസം ൧-നു ലെ P. ൨൨൪-ാം നമ്പർ ചുങ്കം വക പരസ്യത്തോടു തുടർന്നു കല്പനപ്രകാരം ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ ധോതികളും, ശാരികളും, സ്കാർഫുകളും എന്നീ പഞ്ഞിത്തരം ജവുളികളെ താരിപ്പു കാര്യങ്ങൾക്കു വസ്ത്രങ്ങൾ ആയി ഗണിക്കാൻ പാടില്ലാത്തതും കുത്തുകണക്കായ ജവുളി സാമാനങ്ങൾ ആയി ഗണിച്ചു അവയ്ക്കു അപ്രകാരം തീരുവ ഏർപ്പെടുത്തേണ്ടതും ആകുന്നു.

ഹജൂർക്കച്ചേരി
സക്യൂട്ട നെടുമങ്ങാട്
൧൦൭൯ മെയ് ൯-നു

ദിവാൻ വി. പി. മാധവരായർ,
സി. ഐ. ഇ.

Notification regarding the assumption of land by Goverment.

നമ്പർ ൩൫൭൯ ജമാബന്തിരായസം.
൧൦൭൯—൯—൨൫
പൊൻമുടി

അറിയിപ്പു.

പബ്ലിക്ക കാര്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞ വസ്തുക്കളെ സർക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിലേക്കുണ്ടായിട്ടുള്ള ൧൦൩൭ലെ ൩ാം റെഗുലെഷൻ ൪ാം വകുപ്പും പ്രകാരം തെര്യപ്പെടുത്തുന്നു.

ഇരണിയൽ ചാനൽ വകക്ക നെല്ലിയറക്കോണം ചിലാവിള ചാനു ഇശക്കി കുഞ്ഞു ഇശക്കിമാടൻ മുതൽപേരുടെ അനുഭവത്തിൽ ഇരിക്കുന്ന ഇരണിയൽ താലൂക്കിൽ ഇരണിയൽ പ്രവൃത്തിയിൽ നെല്ലിയാക്കോണം മുറിയിൽ വ്വാം കണ്ടെഴുത്തു ൩൪ പാട്ടം പുരയിടം ൭ തലായി ൪ നമ്പർ വസ്തുക്കളിൽ നിന്നും ൫൨൭൫ ചതുരശ്ര അടി സ്ഥലം എടുക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ദിവാൻ വി. പി. മാധവരായർ
സി. ഐ. ഇ.

NOTICE.

Certain unserviceable articles consisting of timber, pieces of iron, lead, cages, wire-netting, watering cans, &c., will be sold by public auction at the Public Gardens Stores at 8 A. M. on Saturday the 28th May, 1904 (15th Vycausy, 1079.)

Terms—Cash.

A. J. VIEYRA,
CHIEF SECRETARY TO GOVERNMENT,
In charge, Government Museum and Public Gardens.


Government Museum and Public Gardens,
Trivandrum, 14th May, 1904.

പരസ്യം.

തടി, ഇരുമ്പു തുണ്ടങ്ങൾ, ൟയം, പക്ഷിക്കൂടുകൾ, കമ്പിവല, വെള്ളം കോരുന്നതിനു ള്ള പാത്രങ്ങൾ മുതലായി ഉപയോഗത്തിനു കൊള്ളാത്ത ചില സാമാനങ്ങൾ ൧൦൭൯ ഇടവം ൧൫നു ശനിയാഴ്ച കാലത്തു ൮ മണിക്കു സർക്കാർ തോട്ടം ഉഗ്രാണത്തിൽ വച്ചു രൊക്ക വിലക്കു ലേലത്തിൽ വിൽക്കുന്നതാകുന്നു.

സർക്കാർ തോട്ടവും കാഴ്ചബംഗ്ലാവും കാര്യം വിചാരിക്കുന്ന
ഗവർമ്മെന്റു ചീഫ് സിക്രട്ടരി
എ. ജെ. വിയറാ

സർക്കാർ തോട്ടവും കാഴ്ചബംഗ്ലാവും
ആഫീസ് തിരുവനന്തപുരം
൧൦൭൯ മെടമാസം ൧൮നു



Notice of auction sale of contract for the supply of vegetables &c., for temple festivals.

അമ്പലപ്പുഴ താലൂക്ക കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

അമ്പലപ്പുഴ ക്ഷെത്രത്തിൽ നിത്യ നിദാനം നിവെദ്യം മുതലായതു വയ്ക്കുന്നതിന ഒരു ദിവസത്തെക്ക ൩ ഇട വിറക ഒന്നിന്ന ൪൬ മുക്കാലെ മുക്കാണി പണമായിട്ട കിഴക്കെ ചടയം ൨൦ ത്തിൽ വെങ്കട ദെക്ഷിണാമൂത്തി അയ്യർ ഏറ്റിട്ടുള്ള അവധി ഈയാണ്ട കക്കടകമാസം വരെക്കൊണ്ട തീരുന്നതാകയാൽ ൭൦ ാമാണ്ട ചിങ്ങമാസം ൧ ൹ മുതൽ ൭൨ ാമാണ്ട മിഥുനമാസാവസാനം വരെ മൂന്ന ആണ്ടത്തെക്ക ആവശ്യമുള്ള വിറകിന്റെ കുത്തകക്ക ആളെപ്പെടുത്തെണ്ടതിന്ന ഈ വരുന്ന ഇടവമാസം ൨൫ ൹ ഈ കച്ചെരിയിൽ വച്ചു ലെലം വിളിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു ലെലത്തിൽ ചെരുന്നതിന മനസ്സുള്ള ആളുകൾ ഹാജരായി ബൊധിപ്പിക്കെണ്ടതും ലെലത്തിൽ ചെരുന്നതിന ൧൦ രൂപാ ഡെമണി വയ്ക്കെണ്ടതും ആകുന്നു.

൨. കുറഞ്ഞ തുകക്ക ഏറ്റുകൊള്ളുന്നവരുടെമെൽ ലെലം സ്ഥിരപ്പെടുത്തുന്നതും ശെഷം ആളുകളുടെ ഡെമണി തിരിച്ചു കൊടുക്കുന്നതും അന്ന ലെലം സ്ഥിരപ്പെടുന്ന ആൾ കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിന്നുവെണ്ടി ആദ്യം ൧൦ രൂപാ വച്ചതുകൂടെ ഒരു മാസത്തെ കുത്തക വില അടുത്ത ദിവസം ഡെമണി കെട്ടിവയ്ക്കുകയും ലെലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടായാൽ ഉടനെ കുത്തക നടക്കെണ്ടും ക്രമത്തിന മുദ്ര പത്രത്തിൽ ഉടമ്പടി എഴുതി ഹാജരാക്കെണ്ടതും അങ്ങിനെ ഡെമണിയൊ ഉടമ്പടിയൊ വയ്ക്കാതെ രണ്ടാമതു ലെലം വിളിപ്പിച്ചൊ മറ്റൊ വെറെവിധം വ്യവസ്ഥ ചെയ്യുന്നതിനിടവന്നാൽ അതിൽ വച്ചു ഉണ്ടാകുന്ന നഷ്ടത്തിന കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

൩. ൧൫ ദിവസത്തെക്ക ആവശ്യമുള്ള വിറക എല്ലാ സമയത്തും വിറകുപുരയിൽ ശെഖരിച്ചിട്ടിരിക്കെണ്ടതും അതാതു ദിവസത്തെക്ക വെണ്ട വിറക ഉണങ്ങിയതായി ദെവസ്വക്കാരെ ബൊധപ്പെടുത്തി തലെ ദിവസം തന്നെ തൂക്കി ഏല്പിക്കെണ്ടതും ആകുന്നു.

൪. ൧൫ ദിവസത്തെക്ക ആവശ്യമുള്ള വിറക ഏല്പിച്ചു തീന്നാൽ അതിന്റെ വില അടുത്ത ദിവസം കൊടുക്കുന്നതും അതിന്മണ്ണം കുത്തക അവസാനം വരെ നടന്നതിന്റെ ശെഷം ഡെമണി പണം തിരിച്ചു കൊടുക്കുന്നതും ആകുന്നു.

൫. വിറക ഉണക്കമുള്ളതായും ശരിയായും ഏല്പിക്കാതെ ഇരിക്കുന്നതിനാലൊ മറ്റൊ വീഴ്ചക്ക ഇടവന്ന കൈ വിലക്ക വരുത്തി നടത്തിക്കെണ്ടതായി വന്നാൽ അതിൽ വച്ചു ഉണ്ടാകുന്ന സകല നഷ്ടത്തിനും കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതാകുന്നു.

൯ൻ മെടം ൧൦൭൦

തഹശിൽദാർ കെ. ശങ്കരനാരായണയ്യർ.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മൂവാററുപുഴ ഊട്ടിൽ ൧൦൯൦-മാണ്ടു തിങ്ങൾവക വെണ്ടതും വിരുത്തിക്കാരർ ഏല്പിച്ചുവരുന്നതും ആയ സാമാനങ്ങൾ കുത്തകയായി ഏല്പിക്കുന്നതിനു അടുത്തുപ്പെട്ടെന്നതിലെ ൧൨-ാം വരുന്ന ആടിമാസം ൧൯-ാം താലൂക്കു കച്ചേരിയിലും ആടിമാസം ൨൩-ാം കച്ചേരിയിലുംവച്ചു ലേലം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികെൾക്കാമെന്നുള്ളതാകുന്നു.

(൧) ലേലത്തിൽ ചെരാൻ മനസ്സുള്ളവർ ൫ രൂപാ വീതം ഡെമണി വെക്കെണ്ടതും ഡെമണി വെക്കാതെ യാതൊരാളെയും ലേലത്തിനു ചെരുന്നതിനു അനുവദിക്കുന്നതല്ലാത്തതും ആകുന്നു.

(൨) മെൽപ്രകാരം ഡെമണി വയ്ക്കുന്നതിൽ ലേലം സ്ഥിരപ്പെട്ട ആളിനെ ഒഴിച്ചു മററു ള്ളവരുടെ ഡെമണികൾ ലേലം കഴിഞ്ഞ ഉടനെ മടക്കി കൊടുക്കുന്നതും സ്ഥിരപ്പെട്ട ആളിനെക്കൊണ്ടു ഉറപ്പിനായി അടുത്ത ദിവസം തന്നെ ലേലം സ്ഥിരപ്പെട്ട സംഖ്യയിൽ എട്ടിൽ ഒരു ഭാഗം ഡെമണി കെട്ടിവയ്പിക്കുന്നതും ആദ്യം വച്ചിട്ടുള്ള ൫ രൂപാ അതിൽ ചെർത്തു കണക്കാക്കുന്നതും ആകുന്നു. ലേലം ഹജൂർ അനുവാദപ്രകാരം സ്ഥിരപ്പെടുത്തുന്നതാണു.

(൩) ലേലം സ്ഥിരപ്പെട്ടതിൽപിന്നെ എട്ടിൽ ഒരുഭാഗം ഡെമണി കെട്ടിവയ്ക്കാതെ ഇരുന്നാൽ ആദ്യം വച്ചിട്ടുള്ള ൫ രൂപാ പിഴയായി സക്കാരിലെക്കു മുതൽകൂട്ടുന്നതു കൂടാതെ ആവത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽവച്ചു വല്ല നഷ്ടവും സംഭവിക്കുന്നു എങ്കിൽ ആ നഷ്ടത്തിനുകൂടി ആദ്യ ലേലക്കാറൻ ഉത്തരവാദിയായി തീരുന്നതും രണ്ടാമത്തെ ലേലത്തിൽ വല്ല ആദായവും ഉണ്ടാകുന്നു എങ്കിൽ അതിലേക്കു ആദ്യ ലേലക്കാറനു അവകാശം ഇല്ലാത്തതും ആകുന്നു.

(൪) കൊപ്പുകൾ ഇനം തിരിച്ചു പ്രത്യെകം പ്രത്യെകമായൊ ഒന്നായൊ ലേലം വിളിപ്പിക്കുന്നതും ആകുന്നു

(൫) ൧-ാം വക സാമാനങ്ങൾ ൧൦൯൦-മാണ്ടു ചിങ്ങം ൧൯-ാം മുതൽ മൂവാററുപുഴ ഊട്ടു കലവറയിൽ ഏല്പിക്കണം. ഏല്പിക്കുന്ന സാമാനങ്ങൾക്കു കണക്കുതീത്തു ലേല ക്രമത്തിനുള്ള വില മറുമാസം ൩൦-ാംക്കു-ം താലൂക്കു മുതൽപിടിയിൽ നിന്നും കൊടുപ്പിക്കുന്നതും ആകുന്നു.

(൬) സാമാനങ്ങൾ ശരിയായും സമയത്തും ഏല്പിക്കാതെ ഇരുന്നു വീഴ്ച വരുത്തുന്നതായാൽ എട്ടിൽ ഒരു ഭാഗം വയ്ക്കുന്ന ഡെമണി സക്കാരിലെക്കു മുതൽകൂട്ടുന്നതു കൂടാതെ വീഴ്ചയിനാൽ സംഭവിക്കുന്ന നഷ്ടം കുത്തകക്കാറന്റെ മെൽ ക്രമമായി നടപടി നടത്തി ഈടാക്കുന്നതും ആകുന്നു. സാമാന വിവരം ലിസ്റ്റ് ൧-ാം കച്ചേരിയിലൊ താലൂക്കു കച്ചേരിയിലൊ ഹാജരായി ബൊധിപ്പിച്ചാൽ കാണിച്ചു കൊടുക്കുന്നതും ആണ് എന്നു

ദിവാൻ പെഷ്കാർ പത്മനാഭൻ ശങ്കരൻ,

പകരം അസിസ്റ്റന്റു എസ്. ശങ്കരപ്പിള്ള.

Notice of auction sale of certain articles.

തിരുവനന്തപുരം പണിവക മരാമത്തു കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

നിമ്മൺകര കൃഷിത്തോട്ടത്തിനടുത്തു പഴയ ചെങ്കൽച്ചൂള ഇട്ടിരുന്ന സ്ഥലത്തു കിടപ്പുള്ളതും ഉപയോഗത്തിനുകൊള്ളാത്തതും ആയ ചെങ്കൽ ഓട മുതലായ സാമാനങ്ങളെ ലേലത്തിൽ വില്പിക്കുന്ന വകയ്ക്കു ൭൦ ൻ ഉണ്ടാക്കി പണം വില നിശ്ചയിച്ച ലിസ്റ്റ് സഹിതം എഴുതി ബൊധിപ്പിച്ചിരിക്കുന്നതും ൧-ാം വക സാമാനങ്ങൾ ൧൦൯൦ ആണ്ടു ഇടവമാസം ൨൯-ാം പകൽ ൧൧ മണി മുതൽ മെല്പറഞ്ഞ സ്ഥലത്തുവച്ചു ലേലത്തിനു വില്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതും ആകുന്നു.

൧. സാമാനങ്ങൾ ലേലത്തിൽ വാങ്ങുവാൻ മനസ്സുള്ള ആളുകൾ അന്നെ ദിവസം മുൻപിനാക്കൂട്ടി സ്ഥലത്തു ഹാജരായി ലേലസമയം കൂടുതൽ തുകയ്ക്കു വിളികെൾക്കയും പണം ഉടനെ ഒടുക്കി സാമാനങ്ങൾ കൊണ്ടുപോകയും ചെയ്യെണ്ടതും പണം ഒടുക്കുന്നതിനു മുമ്പായി സാമാനങ്ങൾ കൈവശപ്പെടുത്തി കൊടുക്കുന്നതല്ലെന്നു മാത്രമല്ലാ പിന്നിട് അവയെ കുറിച്ചു ഏതെങ്കിലും ആക്ഷെപങ്ങളൊ തക്കങ്ങളൊ പുറപ്പെടുവിക്കുന്നതായാൽ അതുകൾ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൨. സാമാനങ്ങൾ ലേലം വിളികെട്ടിട്ടുള്ളതിൽ ആരെങ്കിലും ഉടനെ പണം ഒടുക്കാതെ പിൻമാറിപ്പോകയൊ അവധി പറഞ്ഞു താമസപ്പെടുത്തുകയൊ ചെയ്യുന്നതായാൽ ഉടനെ ആവത്തിച്ചു ലേലം വിളിപ്പിക്കുന്നതാണ്.

൭. അങ്ങനെ ലേലം വിളിപ്പിക്കുന്നതിൽ ആദ്യ ലേലത്തിൽ നിന്നും കുറവുവരുന്നതായാൽ ആ സംഖ്യ മുൻ ലേലക്കാരനിൽ നിന്നും വസൂൽ ചെയ്യുന്നതും കൂടുതൽ തുകയ്ക്കു സാമാനം ലേലത്തിൽ പോകുന്ന പക്ഷം അതിനെപ്പറ്റി താൻ അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

൮. ഒരു വക സാമാനങ്ങളും ലേലം ചെയ്യുന്നതിനു മുമ്പായി ആർക്കെങ്കിലും കാണണമെന്നുള്ളപക്ഷം മേൽ പ്രസ്താവിച്ചിട്ടുള്ള സ്ഥലത്തു ഹാജരായി നോക്കിക്കൊള്ളാമെന്നുള്ളതാകുന്നു.

എന്നു ൧൦൭൯-മാണ്ടു മേടമാസം ൨൭-നു

ശിരസ്തദാർ കുഞ്ഞുണ്ണിപ്പണിക്കര.

Notice

Is hereby given that a double barrelled M. L. gun, No. 9208, taken as thondy in C. C. No. 199 of 1079, on the file of this court will be sold in public auction under the orders of Government, at this court on the 24th Edavom, next, at 2 P. M.

1st Class Magistrate's Court,
Peermade, 15th April, 1904.

K. N. EIPPA,
First Class Magistrate.

നൊട്ടീസ.

പീരുമെട ൧-ാം ക്ലാസ മജിസ്ത്രേട്ടു കൊടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഈ കൊട്ടിൽ ഈയാണ്ടു ഫയൽ ൧൯൯-ാം നമ്പരിലെക്കു തൊണ്ടിയായി എടുത്തിട്ടുള്ള ൯൨൦൮-ാം നമ്പർ ഇരട്ടക്കുഴൽ എം. എൽ. തൊക്കു ഗവൎമ്മെണ്ടു ഉത്തരവുപ്രകാരം വരുന്ന ഇടവമാസം ൨൪-നു പകൽ ൨ മണിക്കു ഈ കൊട്ടുമുമ്പാകെ വച്ചു ലേലത്തിൽ വിൽപ്പിക്കുന്നതാണെന്നുള്ള വിവരം സകലമാനപെരെയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു എന്നു

൧൦൭൯-മാണ്ടു മെടമാസം ൨-നു

പീരുമെട ൧-ാം ക്ലാസ മജിസ്ത്രേട്ടു
കെ. എൻ. ഐപ്പ്.

Notice.

The following articles will be sold by public auction at the Veterinary Hospital on Wednesday $\frac{\text{25th May, 1904}}{\text{12th Edavom, 1079}}$ at 8 A. M.

Veterinary appliances, empty bottles, jars, iron drums, tins, and sundries, &c.

Terms—Cash.

Veterinary Hospital,
Trivandrum, 7th May, 1904.

J. L. POPPEN
Government Veterinarian.

Notice.

Eighteen (18) old foot-lights belonging to the Victoria Jubilee Town Hall will be sold by public auction at 8 A. M. on Saturday the 28th May, 1904, (15th Vyeausy, 1079), at the Victoria Jubilee Town Hall.

Terms—Cash.

Victoria Jubilee Town Hall Office,
Trivandrum, 10th May, 1904.

A. SRINARAYANAN TAMPI,
Honorory Secretary.

പരസ്യം.

വിക്ടോറിയാ ജൂബിലി ടൌൺ ഹാൾ വകയായുള്ള പതിനെട്ടു (൧൮) പഴയ വിളക്കുകൾ ൧൯൦൪-ാം വൎഷം മെയിമാസം ൨൮-നു ൧൦൭൯-മാണ്ടു ഇടവമാസം ൧൫-നു ശനിയാഴ്ച കാലത്തു എട്ടു മണിക്കു വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ വെച്ചു റൊക്കം വിലയ്ക്കു ലേലത്തിൽ വില്ക്കുന്നതാകുന്നു.

വിക്ടോറിയാ ജൂബിലി ടൌൺഹാൾ ആഫീസ്
തിരുവനന്തപുരം
൧൯൦൪ മെ ൧൦-നു

എ. ശ്രീനാരായണൻ തമ്പി.
ആണറി സിക്രട്ടറി.

ചിറയിൻകീഴുതാലൂക്കു കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

തിരുവനന്തപുരം ദേവസ്വത്തിലെ തിരുവാഭരണം വച്ചു പൂട്ടിയിരുന്നതും താക്കോൽ കളഞ്ഞു പോയതിനാൽ വെട്ടി പൊളിച്ച് തിരുവാഭരണം എടുത്തുംകൊണ്ടു ഇട്ടിരിക്കുന്നതും. ആയ ഒരിക്കോൽ അഞ്ചു അംഗുലം പൊക്കവും ഒരുകോൽ എട്ടു അംഗുലം നീളം വീതിയും ഉള്ളതും ആയ ഇരിമ്പു പെട്ടിയെ ലേലം ചെയ്തു ആളെപ്പെടുത്തി എഴുതി ബോധിപ്പിപ്പാൻ ഉത്തരവുണ്ടായിരിക്കുന്നതിനാലും പെട്ടിയെ ൯൦ വരുന്ന ഇടവമാസം ൨൦൹ സ്ഥലത്തു വച്ചു ഉം പണമായിട്ടു ലേലം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ കൂടുതൽ തുകകൾ വിളികേൾപ്പാൻ മനസ്സുള്ളവർ ലേലസമയം ഹാജരായി വിളികേൾക്കേണ്ടതും കൂടുതൽ തുകകൾ വിളികേൾക്കുന്നവരിടെ മേൽ ലേലം അവസാനിപ്പിക്കുന്നതും ആകുന്നു.

൧. ലേലം അവസാനിപ്പിച്ച ഉടനെ ലേലത്തിൽ ഒടുവിൽ വിളി കേട്ട ആൾ ലേലസംഖ്യയിൽ നാലിൽ ഒന്നു ഡെപ്പോസിറ്റ് ഉടനെയും ശേഷം പണം എഴുതിബോധിപ്പിച്ചു ഉത്തരവുണ്ടാകുന്നതു പോലെയും കെട്ടി വയ്ക്കേണ്ടതും പണം മുഴുവനും കെട്ടിവച്ചതിന്റെ ശേഷം. പെട്ടിയെ കൊണ്ടു പോകേണ്ടതും ആകുന്നു.

൨. ഒന്നാമത്തെ ഖണ്ഡികപ്രകാരം വ്യത്യാസം വരുത്തിയാൽ ഉടനെ തന്നെ അവന്റെ ചെലവിന്മേൽ പുനർ ലേലം ചെയ്യുന്നതും അതിൽ കുറവുണ്ടായാൽ ആദ്യ ലേലക്കാരനിൽ നിന്നു ഈടാക്കുകയും ഡെപ്പോസിറ്റ് പ്രായശ്ചിത്തമായിട്ടു മുതൽ കൂട്ടുകയും ചെയ്യുന്നതു കൂടാതെ കൂടുതൽ ഉണ്ടായാൽ ആദ്യ ലേലക്കാരൻ അവകാശപ്പെടുന്നതല്ലാത്തതും ആകുന്നു എന്നു

൧൦൯൯ മേടം ൧൭൹

ആ. തഹശീൽദാർ ആർ. കൃഷ്ണപിള്ള.

കൊല്ലം താലൂക്കു കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

രാമനാമഠപുരം ക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെ താഴെ പാകിയിരുന്ന പഴയ ചെമ്പുകളെ ൯൦ വരുന്ന ഇടവമാസം ൧൭൹ പകൽ ൧ മണി മുതൽ ൪ മണി വരെ പുതുക്കുളങ്ങര കൊട്ടാരത്തിനടയിൽ വച്ചു ലേലം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ള ആളുകൾ അവധിദിവസം ഹാജരായി വിളികേൾക്കാവുന്നതാകുന്നു കൂടുതൽ തുകകൾ ഏല്പെടുന്നവർ ലേലതുകയിൽ പകുതി ഉടനെയും ശേഷം പണം എഴുതി ബോധിപ്പിച്ചു ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവു വന്നശേഷവും കെട്ടിവച്ചു സാമാനങ്ങൾ കൊണ്ടുപോകേണ്ടതാണ്.

൧൦൯൯-ാമാണ്ടു മേടമാസം ൨൩൹

തഹശീൽദാർ രാമസ്വാമിഅയ്യൻ.

സാമാന വിവരം

ആണി ഉൾപ്പടെ ചെമ്പു റാത്തൽ ൧൨൮൨॥ം താഴികക്കുടം ൨-ം പിടവും നാമ്പും വളയവും നാളം മുതലായതും ഉൾപ്പടെ എല്ലാം ൬൪-ക്കു റാത്തൽ ൨൦॥ ം തകിടിൽ നിന്നും ഉള്ളതാക ചെമ്പാണി റാത്തൽ ൫൪॥-ം ആക ചെമ്പു റാത്തൽ ൧൩൨൫॥-ക്കു റാത്തൽ ൪-ക്കു പണം ൨ ആക വിലവച്ച പണം ൨൬൫൦॥.

கூஉஅ.

செங்கோட்ட தாலூகா கச்சேரியில் நின்றும் பரஸியம் செய்யுந்நது என்தென்னால்

சிவஸ்தலத்தா மணியத்தில் சேர்ந்தெ பிரதான வாதல் பழய கதகு லேலத்தில் விற்க்கேண்டதிலேக்கு பரஸியம் தயாருக்கி அயக்கணமெந்நு $\frac{\text{௯௯ லெ}}{\text{௨௬௩}}$ ாம நம்பரில் ௭௬ மீனம் ௨௭௨ எழுதிய உத்தரவு வந்நிரிக்குந்நு அதின்றெ விபரம் தாழெப் பறயுந்நு. இடவம் ௨௪௨ சிவஸ்தலத்தா மணியகாரர் முகாந்திரவும் ௨௭௨ ஈ கச்சேரியில்வச்சும் லேலம் செய்வான் நிச்சயிச்சிரிக்குந்நதும் ஸ்திரப்படும்போள் லேலத்துக ஒடுக்கேண்டதுமாகுந்நு

என்நு ௯௦௭௬ மேடம் ௨௨௨

தகசில்தார் என். கிருஷ்ணய்யங்கார்

உருப்படி விவரம்.

வெவ்விளாவில் தச்சிலு ௨௨ கோல் நீளம் ஒருாகோல் வீதி ஒரு விரல் கனம் கதகுக க்கு விலகூ ௨.

Notice of auction sale of contract for the supply of carts, bulls, &c., for the Conservancy Department.

തിരുവിതാംകൂർ സാനിട്ടെരി കമ്മിഷണരാപ്പീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

പത്മനാഭപുരം ടൌൺ കൺസർവെൻസി വകക്കു ചവറുകൾ അടിപ്പിപ്പാൻ കൊടുത്തിട്ടുള്ള കുത്തക ൧൦൭൯-ാമാണ്ടു കർക്കടകമാസം ൩൧-ാം-യോടു അവസാനിക്കുന്നതിനാൽ വരുന്ന ൧൦൮൦-ാമാണ്ടു ചിങ്ങമാസം ൧-ാം- മുതൽ ഒരു വർഷത്തെക്കു വണ്ടികൾക്കും കാളകൾക്കും കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു കുത്തക ഏറ്റു നടത്തുന്നതിനു മനസ്സുള്ള ആളുകൾ താഴെ പറയും പ്രകാരം അടപ്പാനുള്ളതാകുന്നു.

൧. തക്കതായി നല്ല ചൊടിയുള്ളതിൽ രണ്ടു ജോടി കാളകളും ചവറു മുതലായതു കയററുന്നതിനു നല്ലതായി ഒന്നെകാൽ കോൽ വീതിയും മൂന്നു കോൽ നീളവും കൊണ്ട ൨ഴ വണ്ടിയിൽ രണ്ടു വണ്ടികളും കാളകളും ദിവസംപ്രതിയും കാലത്തും വയ്യിട്ടും ആവശ്യപ്പെടുന്ന സമയങ്ങളിലും ഹാജരാക്കി കൺസർവെൻസി ഓവർ സീയർ ശട്ടം കെട്ടുന്നതുപൊലെ ഉപയോഗപ്പെടുത്തി മാററിക്കെണ്ടതായ ചവറു എച്ചിൽ ചാമ്പൽ മണ്ണു മുതലായതും നിയമിക്കുന്ന സ്ഥലങ്ങളിൽ കൊണ്ടു ചെന്നു ഇടെണ്ടതാകുന്നു.

൨. കുത്തകക്കാറൻ ഹാജരാക്കുന്ന വണ്ടികളിൽ ചവറു മണ്ണു മുതലായതു വാരിയിട്ടാൽ അതുകൾ വഴികളിൽ വീഴാതെയും വണ്ടികൾ കാഴ്ചക്കു ഭംഗിയായും ഇരിക്കെണ്ടതാകുന്നു. വണ്ടിയിൽ മൂന്നടി പൊക്കത്തിൽ ഘനമുള്ള പലകകൾ മൂന്നു വശങ്ങളിലും താഴ്ചും പിൻവശം ടി പൊക്കത്തിൽ അടപ്പു പലക ഇട്ടും ഇരിക്കെണ്ടതാകുന്നു അടിയിലും ഘനമായ പലക ഇട്ടു തറച്ചിരിക്കണം. വണ്ടികളിൽ നാലു വശങ്ങളിലും അടിയിലും ഉള്ള പലകകൾക്കു അകവും പുറവും നാലു മാസത്തിൽ ഒരിക്കൽ കീൽ അടിപ്പിച്ചും വണ്ടികളിൽ മുൻ വശത്തു പലകകളിൽ കൺസർവെൻസി സ്റ്റെഷൻ പെരും വണ്ടികൾക്കു എ ബി, എന്നുള്ള അടയാളവും ൧൦ം ശ്യവെള്ള കൊണ്ടു ഭംഗിയായി എഴുതിച്ചും ഇരിക്കണം.

൩. ടി വണ്ടികളും കാളകളും ദിവസംപ്രതി കാലത്തു അഞ്ചരമണിക്കും വയ്യിട്ടു മൂന്നു മണിക്കും ഓവർസീയർ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ ഹാജരാക്കി അവിടവിടെയുള്ള ചവറു മുതലായതിനെ ശരിവരെ മാററി തീരുന്നിടത്തൊളം വെല ചെയ്യിക്കെണ്ടതാകുന്നു. കുത്തകക്കാറൻ ഹാജരാക്കുന്ന കാളകൾ വെലക്കു ശെഷിയില്ലെന്നൊ വണ്ടികൾ അററകററം ഭവിച്ചു വെലക്കു തക്കതല്ലെന്നൊ കാണപ്പെട്ടാൽ അതുകളെ കൺസർവെൻസി ഓവർസീയർ നിഷെധിക്കാവുന്നതാകുന്നു അങ്ങനെ നിഷെധിക്കുന്ന പക്ഷം പകരം വെറെ നല്ല വണ്ടിയും കാളകളും കുത്തകക്കാറൻ ഹാജരാക്കെണ്ടതും അങ്ങനെ കുത്തകക്കാറൻ ഹാജരാക്കാഞ്ഞാൽ ഡിപ്പാർട്ടുമെൻറു മുഖാന്തിരമായി വെറെ നല്ല വണ്ടിയും കാളകളും വരുത്തി നടത്തിച്ചു അതിൽ വച്ചു സർക്കാരിലെക്കു ഉണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാറനെക്കൊണ്ടു ഉത്തരവാദം ചെയ്യിക്കുന്നതുമാകുന്നു.

൪. ടൌണിലുള്ള ചവറു മുതലായതിനെ തട്ടുന്നതിലെക്കു ക്ലിപ്തപ്പെടുത്തീട്ടുള്ള സ്ഥലത്തു കുത്തകക്കാറൻ ഇട്ടുവിക്കെണ്ടതും അങ്ങനെ ചെയ്യാതെയിരുന്നാൽ അവയെ കൂലി വണ്ടി വച്ചു മാററിക്കാവുന്നതും അതിൽ വച്ചു ഉണ്ടാകുന്ന നഷ്ടത്തിനെ കുത്തകക്കാറനു ചെല്ലുവാനുള്ള പണത്തിൽ നിന്നും പിടിച്ചു ൧൦ംടാക്കുന്നതുമാകുന്നു.

൫. ഉടമ്പടിപ്രകാരം അതാതു സ്ഥലങ്ങളിൽ വണ്ടി ഹാജരാക്കി ചവറു മുതലായതിനെ മാററാതെ കുടിശ്ശിഖ വരുത്തുകയൊ കുത്തക വണ്ടികളെയും കാളകളെയും ആവശ്യപ്പെടുന്നസ്ഥലത്തു ഹാജരാക്കാതെ വെലക്കു വീഴ്ച വരുത്തുകയൊ ചെയ്താൽ ആ വീഴ്ചകൾക്കു മൂന്നു ദിവസം വരെ കൂലി വണ്ടി വച്ചു മാററിക്കുന്നതും നാലാം ദിവസം ഹാജരാക്കാത്തപക്ഷം കുത്തക അവധി കഴിയുന്നതു വരെ സ്ഥിരമായി കൂലിവണ്ടി ഏർപ്പെടുത്താവുന്നതും ൧൦ം വിധം ചെയ്യുന്നതിൽ വച്ചു സർക്കാരിലെക്കു സംഭവിക്കുന്ന നഷ്ടത്തിനെ കുത്തകക്കാറനിൽ നിന്നു ൧൦ംടാക്കുന്നതുമാകുന്നു.

൧൭. കത്തക ഏറ്റു നടത്തുന്ന ആളുകളും വണ്ടികളും കാളകളും നൈരാശ്യം വരുന്നതോ ... സമയങ്ങളിൽ നിശ്ചയിക്കപ്പെട്ടതായ സമയങ്ങളിൽ ഹാജരാകാതെയിരിക്കുകയോ കൺസർവൻസി ഓവർസിയരുടെ വാക്കിനനുസരിച്ചു നടക്കാതെയും ആവശ്യപ്പെടുന്ന സമയങ്ങളിൽ പ്രവൃത്തിക്കു ഹാജരാകാതെയും മറ്റും ഇതുപോലെയുള്ള വീഴ്ച ചെയ്യുന്നതായി ബോദ്ധ്യപ്പെടുകയോ ചെയ്താൽ സർക്കാരിൽ നിന്നും ശോധിച്ചു വീഴ്ചകളുടെ താരതമ്യം പോലെ കത്തകക്കാരനു പ്രായശ്ചിത്തം നിശ്ചയിക്കാവുന്നതും ഒരു പവനും മറ്റുള്ള നഷ്ടങ്ങളെപ്പോലെ ഈടാക്കാവുന്നതുമാകുന്നു.

൧൮. ഈ കത്തക ഏറ്റു നടക്കുന്നതിനു മനസ്സുള്ള ആളുകൾ ഈ വരുന്ന മിഥുനമാസം ... തീയതി പകൽ ... മണിക്കു തക്കല സത്രത്തിൽ സർക്കാരു ഡിസ്ത്രിക്ടു സാനിട്ടെറി ആഫീസർ മുമ്പാകെ ഹാജരാകേണ്ടതും ഹാജരാകുന്ന എല്ലാ ആളുകളെയും കൂടി നിറുത്തി ലേലമായിട്ടു കൈ ... ക്കുന്നതു ... ഏല്പിക്കുന്ന ആളുകൾ ... ശർത്തു വാദത്തിന്മേൽ കത്തക സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതുമാകുന്നു. ഉടമ്പടിക്കു ഏല്പിക്കുമെന്നുള്ള ഉറപ്പിനു വേണ്ടി ലേലസമയം ൨൫ ബ്രിട്ടീഷു രൂപാ വീതം ഡെപ്പാസിറ്റുകെട്ടിവച്ചു ലേലത്തിൽ ചേരേണ്ടതും അങ്ങനെ ചേരുന്നവരിൽ കത്തക ഏല്പിക്കുന്നവരുടെ രൂപാ ഡെപ്പാസിറ്റു ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ രൂപാ ഉടനെ തിരികെ കൊടുപ്പിക്കയും ചെയ്യുന്നതും അങ്ങനെ ഡെപ്പാസിറ്റു കെട്ടിവെക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകുന്നു. ഈ കത്തക ഏറ്റു നടക്കുന്നവർ സർക്കാരിലേക്കു ൫൦ ബ്രിട്ടീഷു രൂപാ ഡെപ്പാസിറ്റു കെട്ടിവെക്കേണ്ടതാകുന്നു.

൧൯. കത്തക സ്ഥിരപ്പെട്ട ഉടനെ കത്തകവ്യവസ്ഥകളും അനുസരിച്ചു വീഴ്ച കൂടാതെ നടത്തിക്കൊള്ളാമെന്നും അല്ലാത്തപക്ഷം ഡെപ്പാസിറ്റു രൂപാ ഇല്ലാതാക്കാവുന്നതും, കത്തകയെ അസ്ഥിരപ്പെടുത്തുന്നതും സമ്മതമെന്നും മറ്റും ഒരു ഉടമ്പടി കത്തകക്കാരന്റെ ചിലവിന്മേൽ എഴുതി വയ്ക്കേണ്ടതാകുന്നു. കത്തകക്കു ഏല്പിക്കുന്ന ആളുകൾ ആദ്യം കെട്ടിവച്ചിട്ടുള്ള ൨൫ രൂപാ പോകെ ശേഷം ൨൫ രൂപാ കത്തക സ്ഥിരപ്പെടുത്തിയ തീയതി മുതൽ മൂന്നു ദിവസത്തിനകം കെട്ടി വയ്ക്കേണ്ടതും അതിൽ പിന്നീടു ഉടമ്പടി എഴുതി വച്ചു കത്തക നടപ്പാക്കേണ്ടതാകുന്നു. അവധിക്കകം ഡെപ്പാസിറ്റു കെട്ടിവയ്ക്കാതിരിക്കയോ മറ്റു ഏതെങ്കിലും തക്ക കാരണം പറഞ്ഞു പിൻവാങ്ങുകയോ ചെയ്താൽ ആദ്യം വയ്ക്കുന്ന ഡെപ്പാസിറ്റു വക രൂപാ പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതു കൂടാതെ ... കത്തക കൊടുക്കുകയും അതിൽ വച്ചു സർക്കാരിലേക്കു നഷ്ടം നേരിടുക ... നഷ്ടം ആദ്യ കത്തകക്കാരനിൽ നിന്നും ഈടാക്കുകയും ചെയ്യും. ... കത്തക കൊടുക്കുന്നതിൽ വച്ചു ലാഭം വരുന്നതായാൽ അതിലേക്കു ആദ്യ കത്തകക്കാരനു അവകാശമില്ലാത്തതാകുന്നു.

൨൦. കത്തകക്കാരന്റെ പക്കൽ നിന്നും സർക്കാരിലേക്കു ഈടാക്കുവാനുള്ള സകല നഷ്ടങ്ങളെയും ഡെപ്പാസിറ്റു തുകയിലും അതിലും കവിയുന്ന പക്ഷം കത്തകക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതുമാകുന്നു.

൨൧. കത്തകക്കാരനു ... മാസം ... വാനുള്ള പണത്തിനു കൺസർവൻസി ഓവർസിയരുടെ ബില്ലിൽ വന്നു ... ക്കുന്നതും ... നിന്നും കത്തകക്കാരന്റെ ... ഡെപ്പാസിറ്റു രൂപാ കത്തക അവധി കഴിഞ്ഞു ... പോലെ കൊടുപ്പിക്കുന്ന ... കത്തക സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും.

സാനിട്ടെറി കമ്മിഷണരാഫീസ് } തിരുവിതാംകൂർ സാനിട്ടെറി കമ്മിഷണര്‍
തിരുവനന്തപുരം ... } എസ്. കൃഷ്ണമൂര്‍ത്തി അയ്യര്‍.

തിരുവിതാംകൂർ സാനിട്ടെറി കമ്മിഷണരാപ്പീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കഴിത്തുറ കൺസർവെൻസി ടൌണിലുള്ള റാന്തൽ വിളക്കുകളിൽ വിളക്കുവെപ്പിനു ആവശ്യമുള്ള മണ്ണെണ്ണ തിരിപ്പെട്ടി നാടാത്തിരി ഈ വക സാമാനങ്ങൾ ഏല്പിക്കുന്നതിനു കൊടുത്തിട്ടുള്ള കുത്തക അവധി ൧൦൭൯-ാമാണ്ടു കർക്കടകമാസം ൩൧-നു-യോടു അവസാനിക്കുന്നതും വരുന്ന ൧൦൮൦-ാമാണ്ടത്തേക്കു മേൽവിവരിച്ച സാമാനങ്ങൾ അത്രയും ഒന്നായി ലേലം വിളിപ്പിച്ചു കുറഞ്ഞ തുകക്കു വിളികൊള്ളുന്നവർക്കു കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ലേലത്തിൽ ചേർന്നു കുത്തക ഏററു നടപ്പാൻ മനസ്സുള്ള ആളുകൾ താഴെ പറയുന്ന പ്രകാരം നടപ്പാനുള്ളതാകുന്നു.

൧. മാസം ഒന്നുക്കു ൨൦ ഔൺസ് പിടിക്കുന്ന കുപ്പിയിൽ ൨൦ കുപ്പി വീതം കൊള്ളുന്ന ൧൫൦ ഡിഗ്രി ഇട്ടിട്ടുള്ള ഡപ്പാവിൽ ഒന്നര ഡപ്പാ മണ്ണെണ്ണയും മുക്കാൽ ഇഞ്ചു വീതിയിൽ ൧൦ നാടാത്തിരിയും കാൽ ഡസൻ തിരിപ്പെട്ടിയും ആവശ്യമുള്ളതും അവയെ സ്ഥലത്തു കൺസർവെൻസി ഓവർസീയരെ അതാതു മാസം ൧-നു- തന്നെ ഏല്പിച്ചു രസീതു വാങ്ങിച്ചുകൊള്ളേണ്ടതുമാകുന്നു.

൨. സാമാനങ്ങൾ നല്ല തരത്തിൽ ആയിരിക്കേണ്ടതും അവയെ അവധിക്കകം ഏല്പിക്കേണ്ടതും ഇതിനു ഏതെങ്കിലും വീഴ്ചവരുത്തുന്നതായി കാണപ്പെട്ടാൽ സക്കാരിൽ നിന്നും വേറെ ഏപ്പാടു ചെയ്യുന്നതും അതിൽ വച്ചു സക്കാരിലേക്കു നഷ്ടം ഉണ്ടാകുന്നതായാൽ അവയെ കുത്തകക്കാരനിൽ നിന്നും ഈടാക്കുന്നതുമാകുന്നു.

൩. ഓവർസീയരുടെ അടുക്കൽ നിന്നും വാങ്ങിക്കുന്ന രസീതിനെ പ്രത്യേകം ബിൽ സഹിതം ഈ ആപ്പീസിലേക്കു (ഡിസ്ത്രിക്ടു സാനിട്ടെറി ആപ്പീസർ മുഖാന്തരം) അയക്കേണ്ടതും ആ ബില്ലിൻപ്രകാരമുള്ള പണം ഇവിടത്തെ അനുവാദത്തിന്മേൽ വിളവംകോട്ടു താലൂക്കിൽ നിന്നും കുത്തകക്കാരന്റെ പററുശീട്ടിൻപ്രകാരം കൊടുപ്പിക്കുന്നതും ആകുന്നു.

൪. കുത്തക വ്യവസ്ഥകൾ അനുസരിച്ചു നടക്കുമെന്നുള്ള ഉറപ്പിനുവേണ്ടി ലേലത്തിൽ ചേർന്നു വിളികൊള്ളുന്നതിനു മനസ്സുള്ള ആളുകൾ ലേലസമയം ൧൦ രൂപാ വീതം ഡെമണി കെട്ടിവെക്കേണ്ടതും അങ്ങനെ കെട്ടിവെക്കുന്നവരെ മാത്രം ലേലത്തിൽ ചേർത്തു ലേലം നടത്തുന്നതുമാകുന്നു. കുത്തക ഏററു നടക്കുന്നവർ സക്കാരിലേക്കു ൫൦ രൂപാ ഡെമണി കെട്ടിവെക്കേണ്ടതും കുത്തക അവധി തീർന്നു ഡെമണി തിരിച്ചു കൊടുപ്പിക്കുന്നതുമാകുന്നു. ലേലത്തിൽ ചേരുന്നതിനായി കെട്ടിവെക്കുന്നവരുടെ ഡെമണി ലേലം തീർന്നു ഉടൻ തിരിച്ചു കൊടുപ്പിക്കുന്നതും കുത്തകയെ ഏല്ക്കുന്നവരുടെ രൂപായെ ഡെമണിക്കായി ഉപയോഗപ്പെടുത്തുന്നതുമാകുന്നു.

൫. ഈ ലേലം കഴിത്തുറ സത്രത്തിൽ വച്ചു ഈ വരുന്ന മിഥുനമാസം ൧൫-നു- തെക്കൻ ഡിസ്ത്രിക്ടു സാനിട്ടെറി ആപ്പീസരാൽ നടത്തപ്പെടുമെന്നുള്ളതാകയാൽ ലേലത്തിൽ ചേരുവാൻ മനസ്സുള്ള ആളുകൾ അന്നേ ദിവസം പകൽ ൧൧ മണിക്കു ടി ആപ്പീസരുടെ മുമ്പാകെ ഡെമണി സഹിതം ഹാജരാകേണ്ടതാകുന്നു.

൬. ലേലത്തിൽ കുറഞ്ഞ തുകക്കു വിളികൊള്ളുന്ന ആളുകൾ കുത്തക വ്യവസ്ഥകൾ അനുസരിച്ചു വീഴ്ച കൂടാതെ നടന്നുകൊള്ളാമെന്നും അല്ലാത്തപക്ഷം ഡെമണി രൂപാ ഇളകുന്നതു കൊള്ളാമെന്നും കുത്തകയെ അസ്ഥിരപ്പെടുത്തുന്നതു സമ്മതമെന്നും കച്ചീട്ടു എഴുതിവെക്കേണ്ടതും കുത്തക സ്ഥിരപ്പെടുത്തിയതായി ഈ ആപ്പീസിൽ നിന്നും കിട്ടുന്ന നോട്ടീസിലെ അവധിക്കകം നാലാമതു വകുപ്പിൽ വിവരിച്ചിട്ടുള്ളതുപോലെ ലേലസമയം കെട്ടിവച്ചിട്ടുള്ള രൂപാ പത്തും നീക്കി ശേഷം അഞ്ചു രൂപാ ഡെമണി കെട്ടിവെക്കേണ്ടതും അതിൽപിന്നീടു കുത്തകക്കാരന്റെ ചിലവിന്മേൽ ഉടമ്പടി എഴുതിവെക്കേണ്ടതും പിന്നീടു അനുവാദം വാങ്ങി കുത്തക നടപ്പാനുള്ളതുമാകുന്നു. അവധിക്കകം ഡെമണി കെട്ടിവെക്കാതിരിക്കയോ മററു ഏതെങ്കിലും തക്കങ്ങൾ പറഞ്ഞു പിൻവാങ്ങുകയോ ചെയ്താൽ ആദ്യം വെക്കുന്ന ഡെമണി രൂപായെ പ്രായശ്ചിത്തമായി ഗവമെൻറിലേക്കു കൂട്ടുന്നതു കൂടാതെ അനുവദിച്ച കുത്തക കൊടുക്കയും അതിൽ വച്ചു സക്കാരിലേക്കു നഷ്ടം നേരിട്ടാൽ അങ്ങനെ നേരിടുന്ന നഷ്ടം ആദ്യ കുത്തകക്കാരനെക്കൊണ്ടു ഈടാക്കിക്കയും ചെയ്യും എന്നതു കൂടാതെ അനുവദിച്ച കുത്തക കൊടുക്കുന്നതിൽ ലാഭം വരുന്നതായാൽ അതിലേക്കു ആദ്യ കുത്തകക്കാരനു അവകാശമില്ലാത്തതുമാകുന്നു.

൭. ഈ കുത്തക സംബന്ധിച്ചു ഏതെങ്കിലും വീഴ്ചകൾ സംഭവിക്കുന്നതായാൽ അവയുടെ ഗൌരവംപോലെ ഗണിച്ചു ഇവിടെ നിന്നും കുത്തകക്കാരനു പ്രായശ്ചിത്തം നിശ്ചയിക്കാവുന്നതും അങ്ങനെ നിശ്ചയിക്കുന്ന പ്രായശ്ചിത്തം വക പണം കുത്തകക്കാരനു അതാതു മാസത്തിൽ ചെല്ലുവാനുള്ള പണത്തിൽ നിന്നും പിടിക്കുന്നതുമാകുന്നു.

൮. ഈ കുത്തക സംബന്ധിച്ചു കുത്തകക്കാരനിൽ നിന്നും സക്കാരിലേക്കു ഈടാക്കുവാനുള്ള സകല നഷ്ടങ്ങളെയും ഡെമണി തുകയിലും അതിലും കവിയുന്ന പക്ഷം കുത്തകക്കാരന്റെ സ്ഥാവര ജംഗമ വസ്തുക്കളിലും നിന്നും ഈടാക്കുന്നതാകുന്നു.

൯. കുത്തക സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

സാനിട്ടെറി കമ്മിഷണരാപ്പീസ്
തിരുവനന്തപുരം ൭൯ മെടം ൨൧-

തിരുവിതാംകൂർ സാനിട്ടെറി കമ്മിഷണർ,
ഏസ്. കൃഷ്ണമൂർത്തിഅയ്യർ.

തിരുവിതാംകൂർ സാനിട്ടെരി കമ്മീഷണരാപ്പീസിൽ നിന്നും പരസ്യംചെയ്യുന്നതു എന്തെന്നാൽ

വൈക്കം കൺസർവെൻസി ടൌണിലുള്ള റാന്തൽ വിളക്കുകളിൽ വിളക്കു വെപ്പിന്ന ആവശ്യമുള്ള മണ്ണെണ്ണ തീപ്പെട്ടി നാടാത്തിരി ഈ വക സാമാനങ്ങൾ ഏൾപ്പിക്കുന്നതിന്ന കൊടുത്തിട്ടുള്ള കുത്തക അവധി ഈയാണ്ട ഇടവമാസം ൩൧-നു-യോടു അവസാനിക്കുന്നതും പിന്നത്തെ ഒരു സംവത്സരത്തേക്കു മേൽ വിവരിച്ച സാമാനങ്ങൾ അത്രയും ഒന്നായി ലേലം വിളിപ്പിച്ചു, ഏറ്റവും കുറഞ്ഞ തുകക്കു വിളികെൾക്കുന്നവന്ന കുത്തക കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ലേലത്തിൽ ചേർന്നു കുത്തക ഏറ്റു നടക്കാൻ മനസ്സുള്ള ആളുകൾ താഴെ പറയുന്ന പ്രകാരം നടപ്പാനുള്ളതാകുന്നു.

൧. വൈക്കം കൺസർവെൻസി ടൌണിലേക്കു മാസം ഒന്നുക്കു ൨൪ ഔൺസു പിടിക്കുന്ന കുപ്പിയിൽ ൨൪ കുപ്പി വീതം കൊള്ളുന്ന ഡപ്പാവിൽ ഒന്നരഡപ്പാ മണ്ണെണ്ണയും കാൽ ഡസൻ തീപ്പെട്ടിയും ൧ കാൽ ഇഞ്ചു റീതിയിൽപത്തു നാടാത്തിരിയും ആവശ്യമുള്ളതും അവയെ ആലത്തു കൺസർവെൻസി ഓവർസീയരെ അതാതു മാസം ൧-നു തന്നെ ഏൾപ്പിച്ചു രസീതു വാങ്ങിച്ചു കൊള്ളേണ്ടതുമാകുന്നു.

൨. സാമാനങ്ങൾ നല്ല തരത്തിലായിരിക്കേണ്ടതും അവയെ അവധിക്കകം ഏൾപ്പിക്കേണ്ടതും അതിൽ ഏതെങ്കിലും വീഴ്ച വരുത്തുന്നതായി കാണപ്പെട്ടാൽ സക്കാരിൽ നിന്നും വേറെ ഏപ്പാടുചെയ്യുന്നതും അതിൽ വച്ചു സക്കാരിലേക്കു നഷ്ടമുണ്ടാകുന്നതായാൽ അവയെ കുത്തകക്കാരനിൽ നിന്നും ഈടാക്കുന്നതുമാകുന്നു.

൩. ഓവർസീയരിടെ പക്കൽ നിന്നും വാങ്ങിക്കുന്ന രസീതിനെ പ്രത്യേകം ബിൽ സഹിതം ഈ ആഫീസിലേക്കു (ഡിസ്ത്രിക്ട സാനിട്ടെരി ആഫീസർ മുഖാന്തിരം) അയക്കേണ്ടതും ആ ബില്ലിൻ പ്രകാരമുള്ള പണം ഇവിടത്തെ അനുവാദത്തിന്മേൽ വൈക്കം താലൂക്കിൽ നിന്നും കുത്തകക്കാരൻ്റെ പററുശീട്ടിൻ പ്രകാരം കൊടുപ്പിക്കുന്നതുമാകുന്നു.

൪. കുത്തകയിലെ വ്യവസ്ഥകൾ അനുസരിച്ചു വീഴ്ചകൂടാതെ നടക്കുമെന്നുള്ള ഉറപ്പിന്ന വേണ്ടി ലേലത്തിൽ ചേന്നു വിളികെൾക്കുന്നതിന്ന മനസ്സുള്ള ആളുകൾ ലേല സമയം പത്തുരൂപാ വീതം ഡെമണി കെട്ടി വെക്കേണ്ടതും അങ്ങനെ കെട്ടി വെക്കുന്നവരെ മാത്രം ലേലത്തിൽ ചേർത്തു ലേലം നടത്തുന്നതുമാകുന്നു. കുത്തക ഏറ്റു നടക്കുന്നവർ സക്കാരിലേക്കു ൧൫ രൂപാ ഡെമണി കെട്ടിവെക്കേണ്ടതും കുത്തക അവധി തീരുന്ന ഡെമണി തിരിച്ചു കൊടുപ്പിക്കുന്നതുമാകുന്നു. ലേലത്തിൽചേരുന്നതിന്നായി കെട്ടിവെക്കുന്നവരിടെ ഡെമണി ലേലം തീന്ന ഉടനെ തിരിച്ചു കൊടുപ്പിക്കുന്നതും കുത്തകക്കു ഏല്പിക്കുന്നവരിടെ രൂപായെ ഡെമണിക്കായി ഉപയോഗപ്പെടുത്തുന്നതുമാകുന്നു.

൫. ഈ ലേലം വൈക്കത്തു സക്കീട്ടാപ്പീസിൽ വച്ചു ഈ വരുന്ന മിഥുനമാസം ൩-നു- കൊട്ടയം ഡിസ്ത്രിക്ട സാനിട്ടെരി ആഫീസരാൽ നടത്തപ്പെടുമെന്നുള്ളതാകയാൽ ലേലത്തിൽ ചേരാൻ മനസ്സുള്ള ആളുകൾ അന്നെ ദിവസം പകൽ ൧൦ മണിക്കു ടി ആഫീസരുടെ മുമ്പാകെ ഡെമണി സഹിതം ഹാജരാകേണ്ടതാകുന്നു.

൬. ലേലത്തിൽ കുറഞ്ഞ തുകക്കു വിളികെൾക്കുന്ന ആളുകൾ കുത്തക വ്യവസ്ഥകൾ അനുസരിച്ചു വീഴ്ചകൂടാതെ നടന്നുകൊള്ളാമെന്നും അല്ലാത്തപക്ഷം ഡെമണി രൂപാ ഇളന്നുകൊള്ളാമെന്നും കുത്തകയെ അസ്ഥിരപ്പെടുത്തുന്നതു സമ്മതമെന്നും കച്ചീട്ടുഎഴുതി വെക്കേണ്ടതും കുത്തക സ്ഥിരപ്പെടുത്തിയതായി ഈ ആഫീസിൽ നിന്നും കിട്ടുന്ന നോട്ടീസിലെ അവധിക്കകം താഴെ വകുപ്പിൽ വിവരിച്ചിട്ടുള്ളതു പോലെ ലേല സമയം കെട്ടിവെച്ചിട്ടുള്ള രൂപാ പത്തും നീക്കി ശേഷം അഞ്ചു രൂപാ ഡെമണി കെട്ടിവെക്കേണ്ടതും കുത്തകക്കാരൻ്റെ ചിലവിന്മേൽ മുദ്രപത്രത്തിൽ ഉമ്പടി എഴുതിവെക്കേണ്ടതും അതിൽ പിന്നീടു അനുവാദം വാങ്ങി കുത്തക അനുഭവിപ്പാനുള്ളതുമാകുന്നു. അവധിക്കകം ഡെമണി കെട്ടിവയ്ക്കാതിരിക്കുകയൊ മറെറതെങ്കിലും കാരണങ്ങൾ പറഞ്ഞു പിൻവാങ്ങുകയൊ ചെയ്താൽ ആദ്യം വെക്കുന്ന ഡെമണി വക രൂപായെ പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതു കൂടാതെ ആവത്തിച്ചു കുത്തക കൊടുക്കുകയും അതിൽ വച്ചു സക്കാരിലേക്കു നഷ്ടം നേരിട്ടാൽ അങ്ങിനെ നേരിടുന്ന നഷ്ടം ആദ്യ കുത്തകക്കാരനെ കൊണ്ടു ഈടാക്കിക്കുകയും ചെയ്യും എന്നാൽ ആവത്തിച്ചു കുത്തക കൊടുക്കുന്നതിൽ ലാഭം വരുന്നതായാൽ അതിലേക്കു ആദ്യ കുത്തകക്കാരന്നു അവകാശമില്ലാത്തതുമാകുന്നു.

൭. ഈ കുത്തക സംബന്ധിച്ചു ഏതെങ്കിലും വീഴ്ചകൾ സംഭവിക്കുന്നതായാൽ അവയുടെ ഗൌരവം പോലെ ഗണിച്ചു ഇവിടെ നിന്നും കുത്തകക്കാരന്നു പ്രായശ്ചിത്തം നിശ്ചയിക്കാവുന്നതും അങ്ങനെ നിശ്ചയിക്കുന്ന പ്രായശ്ചിത്തം വക പണം കുത്തകക്കാരന്നു അതാതു മാസം ചെല്ലുവാനുള്ള പണത്തിൽ നിന്നും പിടിക്കുന്നതുമാകുന്നു.

൮. ഈ കുത്തക സംബന്ധിച്ചു കുത്തകക്കാരൻ്റെ പക്കൽ നിന്നു സക്കാരിലേക്കു ഈടാക്കുവാനുള്ള സകല നഷ്ടങ്ങളെയും ഡെമണി തുകയിലും അതിലും കവിയുന്ന പക്ഷം കുത്തകക്കാരൻ്റെ സ്ഥാവരജംഗമ വസ്തുക്കളിലും നിന്നും ഈടാക്കുന്നതാകുന്നു.

കുത്തക സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു.

സാനിട്ടെരി കമ്മിഷണരാപ്പീസ
തിരുവനന്തപുരം
൯൯ മെടം ൨൧

തിരുവിതാംകൂർ
സാനിട്ടെരി കമ്മീഷണർ
എസ്. കൃഷ്ണമൂർത്തി അയ്യർ

തിരുവിതാംകൂർ സാനിട്ടെരി കമ്മീഷണരാപ്പീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

പത്മനാഭപുരം ഇരണിയൽ ൟ രണ്ടു കൺസർവെൻസി ടൌൺകളിലുള്ള റാന്തൽ വിളക്കുകളിൽ വിളക്കു വെപ്പിനു ആവശ്യമുള്ള മണ്ണെണ്ണ തിരിപ്പെട്ടി നാടാത്തിരി ൟ വക സാമാനങ്ങൾ ഏല്പിക്കുന്നതിനു കൊടുത്തിട്ടുള്ള കുത്തക അവധി ൟ ൭൯ ആണ്ടു കൎക്കടകമാസം ൩൧-നു-യൊടു അവസാനിക്കുന്നതും വരുന്ന ൧൦൮൦ മാണ്ടത്തേക്കു മേൽ വിവരിച്ച സാമാനങ്ങൾ അത്രയും ഒന്നായി ലേലം വിളിപ്പിച്ചു കുറഞ്ഞ തുകക്കു വിളികൊള്ളുന്നവൎക്കു കുത്തക കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ലേലത്തിൽ ചേൎന്നു കുത്തക ഏററു നടപ്പാൻ മനസ്സുള്ള ആളുകൾ താഴെ പറയുന്നപ്രകാരം നടപ്പാനുള്ളതാകുന്നു.

